# മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ്
# ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

കല്പന നമ്പർ : G05 / 2024

കർത്താവിൽ പ്രിയരെ, ക്രിസ്തുയേശുവിൽ വന്ദനം

ദൈവിക നീതിയിലധിഷ്ഠിതമായി മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കുക, പ്രകൃതിയെ സംരക്ഷിക്കുക എന്നിങ്ങനെ ജീവന്റെ പൂർണ്ണത ലക്ഷ്യമാക്കിയുള്ള സാമൂഹ്യ വികസന പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ ശുശ്രൂഷയിൽ പങ്കുചേരുന്നതിനായി 1977 ൽ മാർത്തോമ്മാ സഭ രൂപം നൽകിയ പ്രസ്ഥാനമാണ് സഭയുടെ വികസന വിഭാഗം. 10 ഭദ്രാസനങ്ങളിലായി 250 വികസന കമ്മിറ്റികളിലൂടെ ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. **2024 ജൂലൈ മാസം 14 ഞായർ മുതൽ 21 ഞായർ വരെ വികസനവാരമായും ജൂലൈ 21 വികസന ഞായറായും ആചരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.** വികസനവാര ചിന്തയായി നാം തെരഞ്ഞെടുത്തിരിക്കുന്നത് ***"സുസ്ഥിരവികസനം പ്രാദേശിക ഇടവകകളിലൂടെ"*** എന്ന വിഷയമാണ്. അന്നേ ദിവസം ആരാധനയിൽ വികസന പ്രവർത്തകർക്കും പ്രവർത്തനങ്ങൾക്കും പങ്കാളിത്തം നൽകി ആരാധന, വചന ശുശ്രൂഷ എന്നിവ ക്രമീകരിക്കുകയും ചെയ്യണമെന്ന് ഉത്ബോധിപ്പിക്കുന്നു. ചൂഷണത്തിന്റെയും അനീതിയുടെയും, അസമത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും കെട്ടുപാടുകളിൽ വീണുപോയവരോട് ചേർന്ന് നിൽക്കാനും ജീവനെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കുചേരാനും വികസന വാരാഘോഷത്തിലൂടെ സഭ ലക്ഷ്യമിടുന്നു.

സുസ്ഥിര വികസനം എന്നത് ദൈവരാജ്യ ദർശനവും അതിനായുള്ള പരിശ്രമങ്ങൾ ദൈവരാജ്യ ശുശ്രൂഷയുമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും, ആർഭാടസംസ്ക്കാരത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും പ്രകൃതി നശീകരണത്തിന്റെയും പിടിയിലമർന്നിരിക്കുന്ന സമൂഹത്തിൽ ദരിദ്രരുടെയും പുറംതള്ളപ്പെടുന്നവരുടെയും എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. ഈ പ്രതിഭാസത്തെ തടയുന്നതിനും ജീവന്റെ ശ്രേഷ്ഠത ഉറപ്പാക്കാനുമുള്ള ഒരു ബദൽ സംവിധാനം പ്രാദേശിക ഇടവകകളിലൂടെ ഒരുക്കുന്നതിനാണ് നാം ശ്രമിക്കേണ്ടത്. നമ്മൾ തെരഞ്ഞെടുത്തിരിക്കുന്ന വിഷയത്തെ അധികരിച്ചുള്ള വേദപഠന ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതിന് ശ്രദ്ധിക്കേണം. വികസനസംഘം കമ്മറ്റിയുടെ നേതൃത്വത്തിൽ ഇടവകയിലും ചുറ്റുപാടിലും സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ, രോഗികൾ, ഭവന രഹിതർ, സാമൂഹ്യ തിന്മകളിൽ അകപ്പെട്ടവർ എന്നിവരെ കണ്ടെത്തി സഹായം നൽകുകയും വികസന സമിതിയിൽ അംഗങ്ങളാക്കുകയും ചെയ്യേണം.

2024 ജൂലൈ മാസം 21-ാം തീയതി ലഭിക്കുന്ന സ്തോത്രകാഴ്ചയുടെ ഒരു ഭാഗം കേന്ദ്ര വികസന വിഭാഗം പ്രവർത്തനങ്ങൾക്കായി നൽകുന്നത് സഹായകരമായിരിക്കും. തിരുവല്ലയിലുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ A/c No.0079053000006042 IFSC CODE -SIBL0000079 എന്ന അക്കൗണ്ട് നമ്പരിലേക്കോ കേന്ദ്രവികസനസംഘത്തിന്റെ ഓഫീസിലോ നൽകാവുന്നതാണ്.

വികസനസംഘം രൂപീകരിക്കാത്ത ഇടവകകൾ, വികാരിയുടെ നേതൃത്വത്തിൽ വികസനസംഘം രൂപീകരിച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ ഉൽസാഹിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2024 ജൂൺ 10-ാം തീയതി ചെങ്ങന്നൂർ ഒലിവറ്റ് അരമനയിൽ നിന്നും

RT. REV. DR. EUYAKIM MAR COORILOS SUFFRAGAN METROPOLITAN
MALANKARA MAR THOMA SYRIAN CHURCH
LIGHTED TO LIGHTEN
DEVELOPMENT DEPARTMENT

**ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ**

(പ്രസിഡന്റ്, മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്)

MALANKARA MARTHOMA SABHA DEVELOPMENT DEPARTMENT
**MARTHOMA SABHA OFFICE, THIRUVALLA - 689101, KERALA, INDIA.**
**Phone : 0469-2630872, E-mail : mtdevdpt@gmail.com**

Patron : **Most Rev. Dr. Theodosius Mar Thoma Metropolitan**

President : **Rt. Rev. Dr. Euyakim Mar Coorilos Suffragan Metropolitan** General Secretary : **Rev.Moncy Varghese**
Vice - President : **Mr. Modi P. George Pathiyoor** Treasurer : **Adv. Binu V. Eappen**

Ref. No. Dev........................... Date : 10-06-2024

Dear Achen / Sir / Madam,

മലങ്കര മാർത്തോമ്മാ സഭാ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വികസനവാരം 2024 ജൂലൈ മാസം 14 ഞായർ മുതൽ 21 ഞായർ വരെ ആചരിക്കുന്നതിന് കേന്ദ്ര മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം **2024 ജൂലൈ മാസം 14–ാം തീയതി ഞായറാഴ്ച വൈകിട്ട് 3 മണിക്ക് റാന്നി നസറേത്ത് മാർത്തോമ്മാ പള്ളിയിൽ** വെച്ച്, മലങ്കര മാർത്തോമ്മാ സഭാ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായും, റാന്നി – നിലയ്ക്കൽ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായും ചേർന്ന് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. ഈ മീറ്റിംഗിൽ ഏവരും വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഇടവകതലങ്ങളിൽ **ജൂലൈ മാസം 21–ാം തീയതി വികസന ഞായറായും** ആചരിക്കേണ്ടതാണ്.

എന്ന്

സ്നേഹപൂർവ്വം

**റവ. മോൻസി വർഗ്ഗീസ്**
ജനറൽ സെക്രട്ടറി

MALANKARA MAR THOMA SABHA DEVELOPMENT DEPARTMENT
SABHA OFFICE
TIRUVALLA
KERALA-689 101

# മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

## വികസനവാരം - 2024

### *പ്രസ്താവന*

പ്രിയ അച്ചൻ/സർ,

2024 ജൂലൈ മാസം 14 മുതൽ 21 വരെയുള്ള ആഴ്ച വികസനവാരമായി ആചരിക്കുവാൻ അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനി അനുമതി നൽകിയിരിക്കുന്നു. സഭയുടെ വികസന വിഭാഗമായ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളെ സഭാജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും, വ്യാപിപ്പിക്കുന്നതിനും, സഭാജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വികസനവാര ആചരണം സഹായമാകുമെന്ന് കരുതുന്നു. പ്രസിഡന്റ് തിരുമേനിയുടെ കല്പന ഇതോടൊപ്പം അയയ്ക്കുന്നു. താഴെ പറയുന്ന തരത്തിലുള്ള വിവിധ പരിപാടികൾ വികസന സംഘം പ്രവർത്തകരുടെ നേതൃത്വത്തിലും ഇടവക ചുമതലക്കാരുടെ സഹകരണത്തിലും ഈ ആഴ്ച നടത്തുവാൻ ശ്രമിക്കേണമേ.

1. **പഠനസമ്മേളനം :** ഈ വർഷത്തെ മുഖ്യ ചിന്താവിഷയം ***"സുസ്ഥിരവികസനം പ്രാദേശിക ഇടവകകളിലൂടെ"*** എന്നതാണ്. സുസ്ഥിരവികസനത്തിന് വെല്ലുവിളികളായിരിക്കുന്ന കാലാവസ്ഥ വ്യതിയാനം, അനുചിതമായ മാലിന്യ സംസ്ക്കരണം, കുടിവെള്ളക്ഷാമം, വെള്ളപ്പൊക്കം, ഊർജ്ജശോഷണം മുതലായ വിഷയങ്ങളിൽ ഒന്ന് പഠനവിഷയമായി തെരഞ്ഞെടുത്ത് പഠനസമ്മേളനമോ, സെമിനാറോ സംഘടിപ്പിക്കുക.
2. **ഭവനസന്ദർശനം :** ഇടവക അതിർത്തിയിൽ സാമ്പത്തികമായോ, ആരോഗ്യപരമായോ, വിദ്യാഭ്യാസപരമായോ പിൻതള്ളപ്പെട്ടവർ, ബുദ്ധിമുട്ട് അനുഭവിക്കുന്നവർ, ബലഹീനത അനുഭവിക്കുന്നവർ, സാമൂഹ്യതിന്മകളാൽ ദുരിതം അനുഭവിക്കുന്നവർ എന്നിവരുടെ ഭവനങ്ങൾ വികസന സംഘത്തിന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും സഹായവും പിൻതുണയും നൽകുക.
3. **തൊഴിൽ പരിശീലനം** : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വരുമാനമാർഗ്ഗമായി സ്വയം തൊഴിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.
4. **വികസനഞായർ** : 2024 ജൂലൈ മാസം 21-ാം തീയതി വികസന ഞായറായി ആചരിക്കുകയും ആരാധനയിൽ സഭയുടെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് പ്രസ്താവിക്കുകയും ആരാധനയിൽ വികസനപ്രവർത്തകർക്ക് പങ്കാളിത്തം നൽകി ആരാധന നടത്തുകയും ചെയ്യുക.
5. **വികസനസംഘം രജിസ്ട്രേഷൻ**: വികസനസംഘം രൂപികരിക്കാത്ത ഇടവകകൾ വികാരിയുടെ നേതൃത്വത്തിൽ വികസനസംഘം രൂപികരിച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുവാൻ ഉത്സാഹിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ഈ സംരംഭത്തിൽ ബഹുമാനപ്പെട്ട അച്ചന്റെയും വികസനസംഘാംഗങ്ങളുടെയും പ്രത്യേക താത്പര്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്
സ്നേഹപൂർവ്വം

MALANKARA MAR THOMA SABHA DEVELOPMENT DEPARTMENT
SABHA OFFICE
TIRUVALLA
KERALA-689 101

**റവ. മോൻസി വർഗ്ഗീസ്**
ജനറൽ സെക്രട്ടറി
ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

തിരുവല്ല
10-06-2024